بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 22.05.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## റമളാൻ മാസം വിടപറയുന്നതോടെ ഒരഹ്മദിയുടെ അല്ലാഹുവിനോടുള്ള ആരാധനകളും സ്വായത്തമാക്കിയ നന്മകളും അവസാനിക്കുകയോ അതിൽ കുറവു വരികയോ ചെയ്യരുത്.

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِيۡمِ ۙ﴿۲﴾ مٰلِكِ يَوۡمِ الدِّيۡنِ ؕ﴿۳﴾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ﴿۴﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۵﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ﴿۶﴾

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

കഴിഞ്ഞ ദിവസം എനിക്ക് പരിക്ക് പറ്റിയപ്പോൾ അസാധാരണമായ വികാരപ്രകടനം നടത്തുകയും വളരെ വേദനയോടെ എനിക്കുവേണ്ടി ദുആ ചെയ്യുകയും ചെയ്ത എല്ലാ അഹ്മദികൾകൾക്കും ആദ്യമായി ഞാനെന്റെ കൃതജ്ഞത അറിയിക്കുകയാണ്. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും തക്കതായ പ്രതിഫലം നൽകുമാറാകട്ടെ, ആത്മാർത്ഥതയും കൂറും വർദ്ധിപ്പിക്കുമാറാകട്ടെ. അല്ലാഹുവിന്റെ കല്പന പ്രകാരം അവനുവേണ്ടി പരസ്പരമുള്ള ഈ സ്നേഹം, പ്രത്യേകിച്ചും കാലത്തിന്റെ ഖലീഫയോടുള്ള ആത്മാർത്ഥതയുടെയും കൂറിന്റെയും ഉദാഹരണം അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ. പരസ്പരമുള്ള ഈ സ്നേഹവും അല്ലാഹു ഉണ്ടാക്കിയതാകുന്നു. ഇവിടെ ഇരുകൂട്ടരിൽ ആർ ആർക്കുവേണ്ടിയാണ് കൂടുതൽ വേദനിക്കുന്നതെന്നു മനസ്സിലാക്കാൻ സാധിക്കുകയില്ല. ചുരുക്കത്തിൽ ഭൗതീകമായ മറ്റൊരു ബന്ധത്തിലും കാണാൻ സാധിക്കാത്ത ഒരു ബന്ധമാണിത്. ഈ പരിക്കു കാരണം ഞാൻ മർഹമെ ഈസാ ഉപയോഗിക്കുകയുണ്ടായി എന്ന എനിക്കുണ്ടായ ഒരനുഭവം കൂടി ഞാനിവിടെ പറയുകയാണ്. അതുപോലെ ഞാൻ ഉപയോഗിച്ച ഹോമിയോപ്പതി ക്രീം കലണ്ടുല ആയിരുന്നു. യഥാർത്ഥ അനുഗ്രഹം അല്ലാഹുവിന്റേതാണ് അവൻ തന്നെയാണ് ശമനം നൽകുന്നവൻ. പരിക്കു കാരണമായി ഇനി തുടർന്നുള്ള ബുദ്ധിമുട്ടുകളും അല്ലാഹു എത്രയും പെട്ടെന്ന് അകറ്റുന്നതിനായി ദുആ ചെയ്യുക. നാം ഇപ്പോൾ കടന്നുപോയിക്കൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ പ്രത്യേകമായും അല്ലാഹുവിന്റെ മുൻപിൽ കൂനിയേണ്ടത് ആവശ്യമാണ്.

ഈ പ്രത്യേക സാഹചര്യത്തിൽ ജമാഅത്തംഗങ്ങൾക്ക് ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധയുണ്ടായിട്ടുണ്ട്. അല്ലാഹുവിലുള്ള വിശ്വാസത്തിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനിടയിൽതന്നെ റമളാനും വന്നു എന്നത് അല്ലാഹുവിന്റെ അനുഗ്രഹമായി. ആരാധനകളിലേക്ക് ജനങ്ങളുടെ ശ്രദ്ധയുണ്ടായിക്കൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ അതിൽ വർദ്ധനവുണ്ടായി. ഇനി റമാളാൻ അവസാനിക്കാൻ പോകുകയാണ് ഒരു പരിധിയോളം ലോക്ക്ഡൗണിലും ഇളവുകളുണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ ഓരോ അഹ്മദിയും തങ്ങളുടെ മുന്നിൽ വയ്ക്കേണ്ട ഏറ്റവും വലുതും പരമപ്രധാനവുമായ കാര്യമെന്നത് കച്ചവടങ്ങൾ ചെയ്യുവാനുള്ള അനുവാദവും വെളിയിലിറങ്ങാനുള്ള ഇളവും പിന്നെ റമളാൻ മാസം പിന്നിടുന്നതും ഇവയൊന്നും തന്നെ ഓരോ അഹ്മദിയും സ്വായത്തമാക്കിയ, അല്ലാഹുവിനോടുള്ള ആരാധനാ കർമ്മങ്ങളിലും നന്മകളിലും യാതൊരു കുറവും ഉണ്ടാക്കുന്നതാകരുത്. മറിച്ച് പള്ളികളിൽ പോകുന്നതിൽ നിയന്ത്രണം നിലനിൽക്കുവോളം ജമാഅത്തായുള്ള നമസ്കാരങ്ങളും മറ്റു നന്മകളും വീടുകളിൽ തന്നെ തുടരുക. പിന്നീട് പള്ളിയിൽ പോകുവാൻ അനുമതി ലഭിച്ചുകഴിഞ്ഞാൽ പള്ളികളെ ജനനിബിഡമാക്കുന്നത് മുമ്പത്തേക്കാളുപരി തങ്ങളുടെ നിർബന്ധകടമയാക്കുക. സ്ത്രീകൾ നമസ്കാരത്തിനായി വീടുകളിൽ പ്രത്യേകം ഏർപ്പാടുണ്ടാക്കുക. അങ്ങനെ കുട്ടികൾ ഒരു മാതൃക കാണുകയും അവരുടെയും അല്ലാഹുവിലുള്ള വിശ്വാസം സുദൃഢമാകുകയും ചെയ്യുന്നതാണ്. കുട്ടികളുടെ മതപരമായ അറിവും ദൈവിക ജ്ഞാനം വർദ്ധിക്കുന്നതിനുമായി വീടുകളിൽ അല്പസമയം ദർസ് തുടരുക. അതുപോലെതന്നെ എം. ടി. എ യിലെ പരിപാടികൾ കാണുന്നതിലേക്കും ശ്രദ്ധിക്കുക.

ഇപ്പോൾ ചിലർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ന്റെ പ്രകൃതിദുരന്തങ്ങളോ അതോ ദൈവിക ശിക്ഷയോ എന്ന ലേഖനത്തെ ഇപ്പോൾ പടർന്നു പിടിച്ചിട്ടുള്ള കൊറോണാ വൈറസുമായി ബന്ധിപ്പക്കാൻ ശ്രമിക്കുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്തിനു ശേഷം ദുരന്തങ്ങളും വിപത്തുകളും വർദ്ധിച്ചിട്ടുണ്ട്. ഇതെല്ലാം വരുമെന്നും നാശം വിതയ്ക്കുമെന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്പഷ്ടമാക്കിയിട്ടുള്ളതാണ്. എന്നാൽ

ഈ പ്രകൃതി ദുരന്തങ്ങളുടെ സ്വാധീനം എന്താണെന്നു നോക്കുന്നതിന്, ഈ വിപത്തുകളുടെയെല്ലാം പ്രഭാവം ലൗകികരായിട്ടുള്ളവരെ പൊതുവായി എങ്ങനെ ബാധിച്ചിരിക്കുന്നു എന്ന കാര്യമാണ് നോക്കേണ്ടത്. വൻ ശക്തരായ ഭരണകൂടങ്ങളുടെ സാമ്പത്തിക വ്യവിസ്ഥിതി താറുമാറായിരിക്കുന്നു. അതിന്റെ സ്വാധീനത്തിൽ നിന്നും പൊതുജനങ്ങളുടെ ശ്രദ്ധ തെറ്റിക്കുന്നതിനായി ചെയ്യുന്ന പ്രയത്നങ്ങൾ കൂടുതൽ അപകടകരമായതാണ്. അത് യുദ്ധത്തിലേക്കും കൂടുതൽ സാമ്പത്തിക തകർച്ചയിലേക്കും തള്ളിവിടുന്നതാണ്. അതുകൊണ്ട് കലഹത്തിന്റെയും കുഴപ്പത്തിന്റയും അവസ്ഥയെല്ലാം ഒഴിഞ്ഞുപോകുംവിധം തങ്ങളിൽ പരിവർത്തനമുണ്ടാക്കാത്തിടത്തോളം ഇക്കൂട്ടർ തുടരെത്തുടരെയുള്ള തകർച്ചയിലേക്ക് ആണ്ടുപോകുന്നതായിരിക്കും. മതപരമായ കുറ്റകൃത്യങ്ങൾക്കുള്ള വിചാരണ അന്ത്യനാളിലായിരിക്കും എന്നാൽ കലഹവും കുഴപ്പവും സൃഷ്ടിക്കുക, മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചെടുക്കുക, അല്ലാഹുവിന്റെ ദാസരെ പരിഹസിക്കുക എന്നിവയെല്ലാം അസ്വസ്ഥാജനകമായ തകർച്ചയെ ക്ഷണിച്ചു വരുത്തലായിരിക്കും. നമ്മുടെ ജോലി ദുആ ചെയ്യുകയും ലോകത്തിന് മനസ്സിലാക്കിക്കൊടുക്കുകയും നമ്മുടെ സ്വന്തം അവസ്ഥകളെ ശുദ്ധമാക്കുകയും ചെയ്യുക എന്നതാണ്. ഞാൻ പരാമർശിച്ച ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ന്റെ ലേഖനത്തിലുള്ള മുന്നറിയിപ്പ് ഇതാണ്; നമുക്ക് രക്ഷപ്പെടാൻ അഹ്മദിയ്യത്തിന്റെ ശീർഷകം മാത്രം മതിയാകില്ല. മറിച്ച് തഖ്‌വയുടെ നിബന്ധന അതോടൊപ്പമുണ്ട്. അതുകാരണമായി ജമാഅത്തിൽ സംഭവിച്ചിട്ടുള്ള കർമ്മപരമായ ബലഹീനതയെ അതിവേഗത്തിൽ മെച്ചപ്പെടുത്തുവാൻ ഓരോ അഹ്മദിയും ശ്രമിക്കുന്നതാണ് എന്നതാണ് അതിലുള്ള സുവാർത്ത. അതുകൊണ്ട് ഈ ദിനങ്ങളിൽ ഉണ്ടായിട്ടുള്ള പ്രത്യേകശ്രദ്ധ എന്നും നിലനിർത്തുക. സ്വയം ശ്രദ്ധിക്കുന്നതോടൊപ്പം സ്വന്തം കുട്ടികളേയും അല്ലാഹുവിനോടുള്ള കടമകളും അല്ലാഹുവിന്റെ ദാസരോടുള്ള കടമകളും നിറവേറ്റുന്നതിലേക്ക് ഉദ്ബോധിപ്പിക്കുക. എന്തുകൊണ്ടെന്നാൽ ലോകത്തിന്റെ തകർച്ചക്കു ശേഷം ലോകത്തിന്റെ ദൃഷ്ടി അല്ലാഹുവിലേക്കും അല്ലാഹുവിന്റെ കടമകൾ നിർവ്വഹിക്കുന്നതിലേക്കും തിരിയുമ്പോൾ ജനങ്ങൾ ജമാഅത്തിനെയാണ് വീക്ഷിക്കുക. പിന്നീട് അഹ്മദികൾത്തന്നെയായിരിക്കും ലോകത്തിന് നല്ല മാർഗനിർദ്ദേശങ്ങൾ നൽകുക. എന്നാൽ അതിനു മുൻപായി നാം, ലോകം വെളിച്ചത്തിലേക്കും സമാധാനത്തിലേക്കും തിരിച്ചുവരാൻ കഴിയാത്തവിധം മാർഗങ്ങളടഞ്ഞുപോയ നിലയിലേക്ക് എത്തുന്ന അവസ്ഥതന്നെ സംജാതമാകാതിരിക്കുവാനായി വേദനയോടെ ദുആ ചെയ്യേണ്ടതുണ്ട്.

ചുരുക്കത്തിൽ, നബി(സ)തിരുമേനിയുടെ സത്യദാസനെ ബൈഅത്തു ചെയ്തുകൊണ്ട് തിരുനബി(സ)യുടെ യഥാർത്ഥ അനുയായികളിൽ ഉൾപ്പെടുന്നതിലാണ് നമ്മുടെ ശാശ്വതമായ ജീവിതമുള്ളത്. നമസ്കാരങ്ങളിൽ അഭിരുചിയും താല്പര്യവും ഉണ്ടാക്കിയെടുക്കുന്നവരാകണം. എല്ലായിപ്പോഴും അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളിലൂടെ ചലിച്ചുകൊണ്ട് ജീവിതം കഴിച്ചുകൂട്ടുന്നവരാകണം. *അസീറാനെ രാഹെ മൗലാ* അഥവാ അല്ലാഹുവിന്റെ മാർഗത്തിൽ തടവിലാക്കപ്പെട്ടവർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു നമുക്കേവർക്കും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ നിയോഗോദ്ദേശ്യം മനസ്സിലാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിനോടും അവന്റെ റസൂലായ ഹദ്റത്ത് ഖാത്തമുൽ അമ്പിയാ മുഹമ്മദ് (സ)നോടുമുള്ള നമ്മുടെ സ്നേഹം മറ്റെല്ലാ സ്നേഹത്തെയും അതിജയിക്കുന്നതാകട്ടെ. ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നവരാകട്ടെ. നമ്മുടെ വീടുകൾ സ്നേഹത്തിന്റെ മാതൃകകളാകട്ടെ. എല്ലാ വാഖിഫീനെ സിന്ദഗികൾക്കുവേണ്ടിയും ദുആ ചെയ്യുക. വാഖിഫീനെ നൗ അംഗങ്ങൾക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് അവരുടെ മാതാപിതാക്കൾ ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അഹമദിയ്യത്തിന്റെ ശുഹദാക്കൾക്കും അവരുടെ കുടുംബങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. പ്രയാസങ്ങളിൽ അകപ്പെട്ടിട്ടുള്ള എല്ലാ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. സ്വന്തം ദുആ ചെയ്യുന്നതോടൊപ്പം അന്യോന്യം ദുആ ചെയ്യുകയും വേണം. പെൺകുട്ടികളുടെ വിവാഹബന്ധങ്ങൾ ശരിയാകുന്നതിനു വേണ്ടി ദുആ ചെയ്യുക.

ഇപ്പോഴത്തെ അവസ്ഥയിലും അതിനുശേഷം ലോകത്ത് സംജാതമാകാവുന്ന സാമ്പത്തികാവസ്ഥയുടെ ദൂശ്യഫലങ്ങളിൽനിന്നും അഹ്മദികളെല്ലാം രക്ഷപ്പെടുന്നതിനും ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും യാതൊരുവിധ തടസ്സവും സംഭവിക്കാതിരിക്കുന്നതിനും വേണ്ടി ദുആ ചെയ്യുക. ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും ജമാഅത്തിനു സാമ്പത്തികത്യാഗങ്ങൾ ചെയ്യുന്നവർക്കുവേണ്ടിയും വളരെയധികം ദുആ ചെയ്യുക. എം.ടി.എയിലെ പ്രവർത്തകർക്കുവേണ്ടിയും ദുആ ചെയ്യുക. ഇസ്‌ലാമിക ലോകത്തിനു വേണ്ടി ദുആ ചെയ്യുക. പരസ്പരമുള്ള കലഹങ്ങളെല്ലാം അവസാനിപ്പിച്ച് ശാന്തിസമാധാനാത്തോടെ കഴിയാൻ അവർക്കു സാധിക്കട്ടെ. ഇസ്‌ലാമിന്റെ വൈരികളുടെ ഉപദ്രവങ്ങളിൽ നിന്നും അല്ലാഹു അവരെ സംരക്ഷിക്കുമാറാകട്ടെ. ഞാനിപ്പോൾ ചില ദുആകൾ ചൊല്ലുന്നതാണ് ആ ദുആകൾ എന്നോടൊപ്പം നിങ്ങളും ആവർത്തിക്കുക.

*അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വനഊദുബിക്കി മിൻ ശുറൂരിഹിം.* അല്ലാഹുവേ ഞങ്ങൾ നിന്നെതന്നെ അവരുടെ നെഞ്ചകങ്ങളിലാക്കുന്നു അതായത് നിന്റെ ഭയം അവരുടെ ഹൃദയത്തിൽ നിറയുമാറാകണം. അവരുടെ ഉപദ്രവങ്ങളിൽ നിന്നും നിന്നോടു തന്നെ അഭയം ചോദിക്കുന്നു. *ലാ ഇലാഹ ഇല്ലല്ലാഹുൽ അളീമുൽഹലീം ലാ ഇലാഹ ഇല്ലല്ലാഹു റബ്ബുൽഅർശിൽ അളീം ലാ ഇ*

*ലാഹ ഇല്ലല്ലാഹു റബ്ബുസ്സമാവാത്തി വ റബ്ബുൽ അർളി വ റബ്ബുൽ അർശിൽകരീം.* അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനില്ല. അവൻ മഹത്വമുടയവനും വലിയ ഔദാര്യവാനുമാകുന്നു. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല ദൈവിക സിംഹാസനത്തിന്റെ അധിപനും അവൻ തന്നെ. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനില്ല. അവൻ ആകാശ ഭൂമികളുടെയും ആദരണീയ സിംഹാസനത്തിന്റെയും നാഥനാകുന്നു.

*യാ മുഖല്ലിബൽ ഖുലൂബ് സബ്ബിത്ത് ഖൽബീ അലാ ദീനിക്ക.* ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ എന്റെ ഹൃദയത്തെ നിന്റെ ദീനിൽത്തന്നെ നിലനിർത്തിയാലും. *അല്ലാഹുമ്മ ഇന്നീ അസ്അലുക്കൽ ഹുദാ വത്തുഖാ വൽഅഫാഫ വൽഗിനാ.* അല്ലാഹുവേ ഞാൻ നിന്നോട് നേർമാർഗവും തഖ്‌വയും പവിത്രതയും ഐശ്വര്യവും തേടുന്നു. *അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ സവാലി നിഅ്മത്തിക്ക വതഹവ്വലി ആഫിയത്തിക്ക വ ഫുജാഅത്തി നിഖ്മത്തിക്ക വ ജമീഉ സഖത്തിക്ക.* അല്ലാഹുവേ ഞാൻ നിന്റെ അനുഗ്രഹങ്ങൾ നീങ്ങിപ്പോകുന്നതിൽ നിന്നും നിന്റെ സൗഖ്യത്തിൽ നിന്നകലുന്നതിൽ നിന്നും പെട്ടെന്നുള്ള നിന്റെ ശിക്ഷയിൽ നിന്നുമെല്ലാം നിന്നോട് അഭയം തേടുന്നു. നിന്റെ കോപത്തിന് കാരണമാകുന്ന മറ്റെല്ലാ കാര്യങ്ങളിൽ നിന്നും നിന്നോട് അഭയം തേടുന്നു. *റബ്ബനാ ദലംനാ അൻഫുസനാ വഇൻലം തഗ്ഫിർലനാ വതർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ.* അല്ലാഹുവേ ഞങ്ങൾ ഞങ്ങളുടെ ആത്മാവിനോടുതന്നെ തെറ്റുചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളിൽ കരുണകാണിക്കുകയും ചെയ്യാത്തപക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽ ഉൾപ്പെട്ടുപോകുന്നതാണ്. *റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ് ഹദൈത്തനാ വ ഹബ് ലനാ മിൻലദുൻക്ക റഹ് മത്തൻ ഇന്നക്ക അൻതൽ വഹ്ഹാബ്.* ഞങ്ങളുടെ നാഥാ നീ ഞങ്ങൾക്ക് നേർമാർഗം നൽകിയശേഷം ഞങ്ങളുടെ ഹൃദയങ്ങളെ നീ വക്രമാക്കിക്കളയരുതേ, ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ വലിയ അനുഗ്രഹദാതാവാകുന്നു. *റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബന്നാർ.* ഞങ്ങളുടെ നാഥാ ഞങ്ങൾക്കു നീ ഇഹലോകത്തും പരലോകത്തും വിജയം നൽകേണമേ, ഞങ്ങളെ നരകശിക്ഷയിൽനിന്നും നീ രക്ഷിക്കേണമേ.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ദുആയാണ്; സർവ്വാധിനാഥനായ അല്ലാഹുവേ നിന്റെ അനുഗ്രഹങ്ങൾക്ക് എങ്ങനെ നന്ദി കാണിക്കണമെന്ന് എനിക്കറിയില്ല. നീ അത്യധികം കരുണ ചൊരിയുന്നവനും കരുണാമയനുമാകുന്നു. നിന്റെ അളവറ്റ അനുഗ്രഹങ്ങൾ എന്റെ മേലുണ്ട്. ഞാൻ നശിച്ചുപോകാതിരിക്കുവാനായി നീ എന്റെ പാപങ്ങൾ പൊറുത്തു തന്നാലും എനിക്ക് നവജീവൻ ലഭിക്കുന്നതിനായി എന്റെ ഹൃദയത്തിൽ നിന്നോടുള്ള സംശുദ്ധമായ സ്നേഹം ഇട്ടുതന്നാലും എന്റെ ന്യൂനതകളെ നീ മറച്ചുവയ്ക്കേണമേ നീ തൃപ്തനാകുന്ന കർമ്മങ്ങൾ എന്നെക്കൊണ്ട് ചെയ്യിക്കേണമേ. നിന്റെ കോപത്തിനു പാത്രമാകാതിരിക്കാനായി നിന്റെ ആദരണീയമായ അസ്തിത്വത്തെ തൊട്ട് ഞാൻ രക്ഷ തേടുന്നു. അല്ലാഹുവേ നീ കരുണ ചൊരിയേണമേ നീ കരുണ ചൊരിയേണമേ നീ കരുണ ചൊരിയേണമേ. ഇഹലോകത്തിലേയും പരലോകത്തിലേയും പ്രയാസങ്ങളിൽ നിന്നും നീ എന്നെ രക്ഷിക്കേണമേ എന്തെന്നാൽ എല്ലാവിധ അനുഗ്രഹങ്ങളും നിന്റെ പക്കാലാണുള്ളത്.

اَللّٰھُمَّ صَلِّ عَلٰی مُحَمَّدٍ وَعَلٰی اٰلِ مُحَمَّدٍ کَمَا صَلَّیْتَ
عَلٰی اِبْرَاھِیْمَ وَعَلٰی اٰلِ اِبْرَاھِیْمَ اِنَّکَ حَمِیْدٌ مَّجِیْدٌ
اَللّٰھُمَّ بَارِکْ عَلٰی مُحَمَّدٍ وَعَلٰی اٰلِ مُحَمَّدٍ کَمَا بَارَکْتَ
عَلٰی اِبْرَاھِیْمَ وَعَلٰی اٰلِ اِبْرَاھِیْمَ اِنَّکَ حَمِیْدٌ مَّجِیْدٌ

ഈ റമളാനിൽ നാം ചെയ്ത നന്മകളും നാമുണ്ടാക്കിയ പരിവർത്തനങ്ങളും തുടർന്നുകൊണ്ടുപോകാവാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. നമ്മുടെ ഈ ദുആകളെല്ലാം സ്വീകരിക്കപ്പെടട്ടെ. (ആമീൻ)

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 22.05.2020

Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516